## സൗഹൃദസ്മരണകൾ

കെ.ജി.പൗലോസ്

ശ്രീ പാലക്കീഴ് നായണനനുമായി വളരെ അടുത്തു പെരുമാറുന്നതിനും വിവിധമണ്ഡലങ്ങളിൽ ഒന്നിച്ച് പ്രവർത്തിക്കുന്നതിനും എനിക്ക് ധാരാളം അവസരങ്ങൾ കൈവന്നിട്ടുണ്ട്. അവ ഓരോന്നും ഓരോ അനുഭവമണ്ഡലങ്ങളായിരുന്നു.

ഞങ്ങളുടെ പ്രവർത്തനങ്ങളുടെ പൊതുവേദി ആയിരുന്നു ഗവൺമെന്റ് കോളേജ് അദ്ധ്യാപകരുടെ സംഘടനയായ എകെജിസിടി. എണ്ണത്തിൽ വളരെക്കുറവായിരുന്നു ആദ്യകാലത്ത് സർക്കാർ കോളേജദ്ധ്യാകർ. സംഘടനയെസംബന്ധിച്ച് ഇന്നുള്ള ധാരണകളായിരുന്നില്ല, അന്നത്തെ മുതിർന്ന ഗുരുനാഥന്മാർക്ക്. ഭരണതലത്തിലുള്ള സ്വാധീനം ഉപയോഗിച്ച് ട്രാൻസ്ഫറും പ്രമോഷനുമൊക്കെ തരപ്പെടുത്തുന്നതിനുള്ള ഒരുപകരണമായിരുന്നു അവർക്ക് സംഘടന. അങ്ങനെയിരിക്കെ ഉന്നതവിദ്യാഭ്യാസമേഖലയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് വേണ്ടി യൂണിവേഴ്സിറ്റി ഗ്രൻഡ്സ് കമ്മീഷൻ അദ്ധ്യാപകർക്ക് പുതിയ വേതനഘടന പ്രഖ്യാപിച്ചു. കേരളത്തിലും അതു നടപ്പാക്കണമെന്ന് സംഘടന ആവശ്യപ്പെട്ടു. 1974-ലാണ് ആദ്യമായി സമരരൂപം സ്വീകരിച്ചത്. പരീക്ഷാജോലികൾ ബഹിഷ്കരിക്കുക. അതിൽ പങ്കെടുക്കുന്നതിനുള്ള സമ്മതപത്രം സഹപ്രവർത്തകരിൽനിന്ന് ഒപ്പിട്ടുവാങ്ങിയത് എത്ര ലാഘവബുദ്ധിയോടെയാണെന്ന് ഓർക്കുമ്പോൾ ഇന്നു ചിരിവരും. ‘നമ്മുടെ കൃഷ്ണപിള്ളസാറ് അച്യുതമേനോന് ഒന്നു ഫോൺ ചെയ്താൽ മതി, മുഖ്യമന്ത്രി ഫയൽ അപ്പോൾ ഒപ്പിടും’ എന്നായിരുന്നു എല്ലാവരും വിശ്വസിച്ചിരുന്നത്. ആ സംരഭത്തിന്റെ നാണംകെട്ട പരാജയം അദ്ധ്യാപകന്റെ പൊങ്ങച്ചത്തിന്റെ നീർപോളകൾ ഒന്നൊന്നായി പൊട്ടിച്ചു കളഞ്ഞു. തുടർന്നു ഇരുപത്തഞ്ച് വർഷത്തോളം നിരന്തരമായ സമരങ്ങളായിരുന്നു. ആദ്യം സ്വകാര്യമേഖലയിലെ അദ്ധ്യാപകരുമായി കൂട്ടുകൂടി, തുടർന്നു അനദ്ധ്യാപകസംഘടനകളുമായി, വിദ്യാർത്ഥികളുമായി, ബഹുജനസംഘടനകളുമായി. പ്രതിബദ്ധതയുള്ള ഒരു വിഭാഗമായി അദ്ധ്യാപകസമൂഹത്തെ മാറ്റി എന്നതാണ്, ഉയർന്ന ശമ്പളനിരക്കുകൾ ലഭിച്ചു എന്നതിനപ്പുറം ഈ പ്രവർത്തനങ്ങളുടെ നേട്ടം. ഈ പ്രതിസന്ധിഘട്ടങ്ങളിൽ പാലക്കീഴിന്റെ ഇടപെടൽ വളരെ വിലപ്പെട്ടതായിരുന്നു. സ്കൂൾമേഖലയിൽ അദ്ദേഹത്തിനുണ്ടായിരുന്ന പ്രവർത്തനപാരമ്പര്യം പലപ്പോഴും ഞങ്ങൾക്ക് മാതൃകയായിരുന്നു. പ്രതിസന്ധിഘട്ടങ്ങളിൽ സഹപ്രവർത്തകരോട് ഇടപെടുന്നതിനും അടിസ്ഥാനനിലയിൽ നിന്നു മാറാതെതന്നെ അവരെ കൂട്ടിപ്പിടിച്ചു നിർത്തുന്നതിനും ഒരു കാരണവരുടെ കൈയൊതുക്കം പാലക്കീഴിനുണ്ടായിരുന്നു. പെരിന്തൽമണ്ണകോളേജിൽ വെച്ചു നടന്ന ഒരു സംസ്ഥാനസമ്മേളനം പ്രത്യേകം ഓർക്കുന്നു. താരതമ്യേന സൗകര്യങ്ങൾ കുറവായിരുന്ന അവിടെവെച്ച് ആ സമ്മേളനം വിജയിപ്പിച്ചത് പാലക്കീഴിന്റെ സംഘാടകശക്തിയുടെ പ്രത്യേകതകൊണ്ടാണ്.

ഞങ്ങൾക്ക് പൊതുവായ മറ്റൊരു മണ്ഡലം പുന്നശ്ശേരിക്കളരിയാണ്. പെരുമുടിയൂരിലെ പഴയ കോളേജിൽ പഠിച്ചാണ് പൊതുരംഗത്തേക്ക് കാലെടുത്തുവെക്കാനുള്ള ഊർജ്ജം പാലക്കീഴ് നേടിയത്. അന്നത്തെ അദ്ധ്യാപകരിൽ പാലക്കീഴിനെ ഏറ്റവും സ്വാധീനിച്ചത് ചെറുകാട് മാസ്റ്ററാണ്. പഠനകാലത്തു മാത്രമല്ല, ജീവിതത്തിലാകെ തന്നെ അദ്ദേഹത്തിന്റെ ആദർശബിംബം ചെറുകാടാണ്. ചെറുകാടിന്റെ കൃതികളെ ഇത്രയധികം സൂക്ഷ്മതയോടെ പഠിക്കുകയും വിലയിരിരുത്തുകയും ചെയ്തവർ കുറവാണ്. മുരിങ്ങച്ചുവട്ടിലെ പോരാട്ടങ്ങൾ, ജന്മനാടിനെ ചുവപ്പിച്ച സാഹിത്യകാരൻ, അദ്ധ്യാപകവർഗ്ഗത്തിന്റെ ഇതിഹാസകാരൻ, ചന്തുമേനോനും ചെറുകാടും തുടങ്ങിയ പഠനങ്ങളുടെ ശീർഷകങ്ങൾ തന്നെ തെളിയിക്കുന്നു, അന്വേഷണത്തിന്റെ ആഴം. ഇത്തരം സംരഭങ്ങളോടൊന്നിച്ച് നീങ്ങാൻ പലപ്പോഴുമെനിക്ക് അവസരം ലഭിച്ചിട്ടുണ്ട്.

പുന്നശ്ശേരി ഗുരുനാഥനോട് പാലക്കീഴിനുള്ളത് ഒരുതരം ആരാധനയാണ്. അത് വ്യക്തിനിഷ്ഠമല്ലതാനും. പാലക്കീഴ് ഗ്രന്ഥാലോകത്തിന്റെ ചുമതല വഹിച്ചിരുന്ന കാലത്താണ് ഞങ്ങൾ ഒന്നി

ച്ചാലോചിച്ച് ഒരു ലേഖനം അതിൻ പ്രസിദ്ധീകരിച്ചത്. ഒരേകാലത്ത് സമീപസ്ഥലികളിൽ സഹകരിച്ച് പ്രവർത്തിച്ച മൂന്നു പേർ-പുന്നശ്ശേരിനമ്പി, പി.എസ്. വാരിയൽ, വള്ളത്തോൾ നാടിനും നവോത്ഥാനത്തിനും നൽകിയ പുതിയ പാഠങ്ങളായിരുന്നു ആ ലേഖനത്തിന്റെ ഉള്ളടക്കം. മൂവർക്കും പൊതുവായുള്ളത് പഴമയോടുള്ള പ്രതിബദ്ധതയാണ്. നമ്പിക്ക് സംസ്കൃതം, വാരിയർക്ക് ആയുർവേദം, വള്ളത്തോളിന് കഥകളി. മൂവരും വളർത്തിയെടുത്തു സ്ഥാപനങ്ങൾ അവരവരുടെ സ്മാരകങ്ങൾ മാത്രമല്ല, പഴമയെ പുതുമയോടിണക്കുന്നതിന്റെ മാതൃകകളാണ്. പ്രാചീനതയും ആധുനികതയും തമ്മിൽ സംഘർഷമല്ല, സമീചീനമായ സമന്വയമാണിവിടെ. അക്കാലത്ത് ഗ്രന്ഥാലോകത്തിൽ പ്രസിദ്ധീകരിച്ച എന്റെ അനേകലേഖനങ്ങൾ പാലക്കീഴിന്റെ സൗഹൃദപൂർണ്ണമായ നിർബന്ധത്തിന് വഴങ്ങി എഴുതിയതാണ്.

സാംസ്കാരിക വകുപ്പിന്റെ പ്രസിദ്ധീകരണവിഭാഗം ഉപദേശകസമിതിയിൽ ഞങ്ങൾ ഒരുമിച്ച് പ്രവർത്തിച്ചിട്ടുണ്ട്. ആദ്യമൊക്കെ സമ്മേളനങ്ങളിൽ ചെന്ന് ഉദ്യോഗസ്ഥന്മാർ പറയുന്ന കാര്യങ്ങളിൽ അഭിപ്രായം പ്രകടിപ്പിക്കുകമാത്രമാണ് ഞങ്ങളൊക്കെ ചെയ്തിരുന്നത്. ഇത്തരം സമിതികളിൽ പ്രവർത്തിക്കേണ്ടതെങ്ങനെയെന്നതിന് മാതൃകയായിരുന്നത് പാലക്കീഴാണ്. നന്നായി ഗൃഹപാഠം ചെയാതാണ് അദ്ദേഹം വരിക. തലേദിവസം തന്നെ, കഴിയുമെങ്കിൽ, തിരുവനന്തപുരത്ത് എത്തും. ടി.കെ. രാമകൃഷ്ണനാണ് അന്ന് സാംസ്കാരികമന്ത്രി. അദ്ദേഹത്തെ കണ്ട് നിർദ്ദേങ്ങൾ തേടും. എം. എസ്. മേനോൻ മാസ്റ്ററാണ് ചെയർമാൻ. സമ്മേളനത്തിന് മുമ്പ് അജണ്ടയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അദ്ദേഹവുമായി ചർച്ച ചെയ്യും. സമ്മേളനം ആരംഭിച്ചാൽ കഴിഞ്ഞയോഗത്തിന്റെ തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കർശനമായി വിമർശിക്കും. കെ.എൻ. എഴുത്തച്ഛന്റെയും കൈക്കുളങ്ങരയുടെയും ജീവചരിത്രങ്ങൾ ഉൾപ്പടെ ഒട്ടേറെ നല്ല ഗ്രന്ഥങ്ങൾ പുറത്തുകൊണ്ടുവരാൻ അക്കാലത്ത് കഴിഞ്ഞു.

തന്നെ ഏൽപിച്ച, അല്ലെങ്കിൽ താൻ ഏറ്റെടുത്ത കാര്യത്തിൽ പൂർണ്ണമായ ആത്മസമർപ്പണം, നിർദ്ദേശങ്ങൾ പാലിക്കുന്ന കാര്യത്തിൽ കർശനമായ അച്ചടക്കം, പുരോഗമനപക്ഷത്തുള്ള നിലപാടുകളിൽ വിട്ടുവീഴ്ചയില്ലായ്മ, സർവ്വോപരി എല്ലാവരേയും കൂട്ടിപിടിച്ച് കൊണ്ടുപോകുന്നതിലുള്ള അസാമാന്യമായ സംഘാടനവൈഭവം - ഇത്തരം മാതൃകകളാണ് ഞങ്ങളുടെ സൗഹൃദത്തിൽ നിന്ന് എനിക്ക് ലഭിച്ച പാഠങ്ങൾ

****************